# സംഗ്രഹം

1. കാസർഗോഡ് ജില്ലയുടെ തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച ഭൂപടം തയ്യാറാക്കിയിരിക്കുന്നത് 1:25000 സ്കെയിലിൽ 13 ഷീറ്റുകളിലായി KL 73, KL 76, KL 77, KL 78, KL 79, KL 80, KL 81, KL 82, KL 83, KL 84, KL 85, KL 86, KL 87എന്നീ നമ്പരുകളിൽ ഉൾപ്പെടുത്തിയാണ്.
2. 29 ഗ്രാമ പഞ്ചായത്തുകളും (മഞ്ചേശ്വരം, മീഞ്ച, മംഗൽപ്പാടി, കുമ്പള, മൊഗ്രാൽ പുത്തൂർ, പുത്തിഗെ, ചെങ്കള, ചെമ്മനാട്, മുളിയാർ, ബെദഡുക്ക, പള്ളിക്കര, ഉദുമ, അജാനൂർ, പുല്ലൂർ പെരിയ, ചെറുവത്തൂർ, കിനാനൂർ കരിന്തളം, കയ്യൂർ ചീമേനി, വെസ്റ്റ്എളേരി, പടന്ന, വലിയപറമ്പ, തൃക്കരിപ്പൂർ), കാസർഗോഡ്, കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ മുനിസിപ്പാലിറ്റികളും തീര ദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്നു.
3. കാസർഗോഡ് ജില്ലയിലെ തീരദേശ നിയന്ത്രണ മേഖലകൾ CRZ I A, CRZ I B, CRZ II, CRZ III A, CRZ III B, CRZ IV A, CRZ IV B എന്നിവ ഉൾപ്പെട്ടതാണ്.
4. CRZ III നെ രായി തരം തിരിച്ചിട്ടു്. 1) CRZ III A യും 2) CRZ III B യും.

**<u>സി. ആർ. ഇസഡ് III A സി. ആർ. ഇസഡ് III B</u>**

2011 ലെ ജനസംഖ്യ സാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽകൂടുതലോ ഉള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി. ആർ. ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സി. ആർ. ഇസഡ് III A യിൽ കടലിന്റെ വേലിയേറ്റ നിരയിൽ നിന്ന് 50 മീറ്റർ വരെ വികസന നിരോധന മേഖലയാണ്, എന്നാൽ സി.ആർ. ഇസഡ് III B കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന രഹിത മേഖലയാണ്. ഉൾനാടൻ ജലാശയങ്ങളുടെ മേഖലയിലുള്ള സി. ആർ. ഇസഡ് III വിഭാഗത്തിലെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെയോ, ജലാശയത്തിന്റെ വീതിയോ, കരയിലേയ്ക്കുള്ള പ്രദേശങ്ങളോ ഏതാണ് കുറവ് അതും വികസന രഹിത മേഖലയാണ്. തുറമുഖത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ പ്രവർത്തനരഹിത മേഖല ബാധകമല്ല.

5. സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കൽ കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ മേഖലയായിരിക്കും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്തിട്ടു.
6. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന വേലിയേറ്റ രേഖയുടെ നീളം 499.14 (81.90 + 417.24) ചതുരശ്ര കി.മീറ്റർ ആണ്.
7. CRZ II- ൽ ഉൾപ്പെടുന്ന കരപ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 22.809287 (17.867799 + 4.941488) ചതുരശ്ര കി. മീ ആണ്.
8. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന (CRZ III) വികസന നിയന്ത്രണ മേഖല (NDZ)യുടെ ആകെ വിസ്തീർണ്ണം 7.353937 ചതുരശ്ര കി. മീറ്ററും മറ്റ് ജലാശയങ്ങളുടെത് 9.629932 ചതുരശ്ര കി. മീറ്ററുമാണ്.
9. കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന തീരദേശ നിയന്ത്രണ രേഖയുടെ 200 മീറ്ററിനും 500 മീറ്ററിനും ഇടയിലുള്ള CRZ III B മേഖലയുടെ ആകെ വിസ്തീർണ്ണം 7.941567 ചതുരശ്ര കി. മീ ആണ്.
10. CRZ IV B മേഖലയുടെ ആകെ വിസ്തീർണ്ണം 26.420032 ചതുരശ്ര കി. മീ ആണ്.